രണം നടപ്പിലാക്കുന്നതിന് അനുവദിച്ച തുകയിൽ ഒരു ലക്ഷം രൂപ അയർക്കുന്നം പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

(ഡി) വനം വകുപ്പ് പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നില്ല.

വനംവകുപ്പിലെ ഡ്രൈവർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി

78(1901)ശ്രീ. എൻ.ആർ ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ നിലവിൽ എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്;

(ബി) എത്ര വാഹനങ്ങൾക്ക് സ്ഥിരം ഡ്രൈവർമാർ ഉണ്ടെന്നും എത്ര വാഹനങ്ങൾക്ക് ദിവസക്കൂലി ഡ്രൈവർമാർ ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ വകുപ്പിൽ എത്ര ഡ്രൈവർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്;

(ഡി) ഒഴിവുള്ള തസ്തികകൾ പി.എസ്.സി.ക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) ദിവസക്കൂലിയായി ജോലി ചെയ്യുന്നവരുടെ തസ്തികകൾ പി.എസ്.സി.ക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) ആറുമാസത്തിൽ കൂടുതൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന എത്ര ഡ്രൈവർമാർ ഉണ്ട്; അറിയിക്കുമോ;

(എച്ച്) നിലവിലുള്ള എല്ലാ ഡ്രൈവർ തസ്തികകളിലും സ്ഥിരം ഡ്രൈവർമാരെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 310 വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

(ബി) വനം വകുപ്പിൽ ആകെ 218 ഡ്രൈവർമാരുടെ അനുവദിക്കപ്പെട്ട തസ്തികകൾ ഉണ്ട്. ആയതിൽ 185 തസ്തികകളിൽ സ്ഥിരം ഡ്രൈവർമാർ ജോലി ചെയ്യുന്നു. ബാക്കി 33 തസ്തികകളിൽ ദിവസക്കൂലി ഡ്രൈവർമാർ ജോലിനോക്കുന്നു. കൂടാതെ തസ്തികകൾ അനുവദിക്കപ്പെടാത്ത വാഹനങ്ങളിലും ദിവസക്കൂലി ഡ്രൈവർമാർ ജോലി നോക്കുന്നു.

(സി) 33 സ്ഥിരം ഡ്രൈവർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഡ്രൈവർ തസ്തിക അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ ഒഴിവുലേയ്ക്കും ആളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം

79(1902) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.3.1997 മുതൽ സംസ്ഥാന ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്ക്കരണം സംസ്ഥാന വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ജി.ഒ.(പി)നമ്പർ 3000/98/ധനകാര്യം/25.11.1998-ലെ ഉത്തരവിൻ പ്രകാരമുള്ള ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പുതിയ ശമ്പള പരിഷ്ക്കരണം എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഡീ ജനറേറ്റഡ് വനം

80(1903) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡീ ജനറേറ്റഡ് വനത്തിന്റെ വിസ്തീർണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഡീജനറേറ്റഡ് വനങ്ങളിൽ വനവൽക്കരണം നടത്തുവാൻ കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്ത് ഏതൊക്കെ ഡിവിഷനുകളിൽ എന്തു തുക നൽകി;

(സി) പ്രസ്തുത കാലയളവിൽ എത്ര ഹെക്ടർ സ്ഥലങ്ങളിൽ ഫലപ്രദമായി വനവൽക്കരണം നടത്തി എന്ന് വ്യക്തമാക്കുമോ;

(ഡി) വനവൽക്കരണം നടത്തി എന്നു പറയുന്ന പ്രദേശങ്ങൾ അത് നടത്തിയിട്ടുണ്ടോ എന്നു പരിശോധിക്കാറുണ്ടോ; എങ്കിൽ ആരാണ് പരിശോധിക്കുന്നതെന്നും പ്രസ്തുത കാലയളവിൽ എത്ര പരിശോധന റിപ്പോർട്ടുകൾ ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) വനാന്തരഭാഗത്ത് പരിശോധന നടത്തുവാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ മുതലെടുത്ത് വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ വനവൽക്കരണത്തിനുള്ള തുക തട്ടി എടുക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly